# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4399 — 04/02/2014-ൽ മറുപടിക്ക്

### അൺ - എയ്ഡഡ് സ്കൂളുകളിൽ വിദ്യാർത്ഥികളുടെ മേലുള്ള ശിക്ഷാ നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) അൺ എയ്ഡഡ് സ്കൂളുകളിൽ വിദ്യാർത്ഥികളുടെ മേൽ കടുത്ത ശിക്ഷാ നടപടികൾ സ്വീകരിക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) യും (ബി) യും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) കടുത്ത ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിന് സ്കൂൾ മാനേജ്മെന്റുകൾ അദ്ധ്യാപകർക്കുമേൽ സമ്മർദ്ദം ചെലുത്തുന്നുണ്ടോ; | |
| (സി) നെടുമങ്ങാട് ദർശന ഹയർ സെക്കണ്ടറി സ്കൂളിൽ കായികാദ്ധ്യാപിക ഏതാനും വിദ്യാർത്ഥികളുടെ മുടി മുറിച്ച സംഭവത്തിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; സ്കൂൾ മാനേജ്മെന്റിനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) ഇതു സംബന്ധിച്ച പരാതി ലഭിച്ചിട്ടില്ലാത്തതിനാൽ നടപടി സ്വീകരിച്ചിട്ടില്ല. |
| (ഡി) അൺ എയ്ഡഡ് സ്കൂളുകളിൽ വിദ്യാർത്ഥികളുടെ മേൽ സ്വീകരിക്കുന്ന കടുത്ത ശിക്ഷാ നടപടികളും, മറ്റ് പീഡനങ്ങളും തടയുന്നതിന് സർക്കാർ തലത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ. വിശദമാക്കാമോ? | (ഡി) പരാതി ശ്രദ്ധയിൽപ്പെട്ടാൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

Sreedevi

സെക്ഷൻ ഓഫീസർ